# രാഷ്ട്രീയപിൻബലത്തിൽ എൻ.എസ്.എസ്സിനെ അലോസരപ്പെടുത്താൻ ആരും ശ്രമിക്കേണ്ട

**തൊ**ഴിൽപ്രശ്നം എന്ന പേരിൽ യാതൊരു ന്യായീകരണവും ഇല്ലാതെ ബി.എം.എസ്. സംഘടനയിൽപെട്ട ഏതാനുംപേർ കഴിഞ്ഞദിവസം പെരുന്ന എൻ.എസ്. എസ്. മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ കടന്നുകയറി, ഹോസ്പിറ്റൽപ്രവർത്തനം മണിക്കൂറുകളോളം തടസ്സപ്പെടുത്തുകയും എൻ.എസ്.എസ്. അധികൃതരെ ആക്ഷേപിക്കുകയും ചെയ്ത സംഭവം അരങ്ങേറുകയുണ്ടായി. എൻ.എസ്.എസ്. നേതൃത്വത്തിന്റെയും പോലീസിന്റെയും സമയോചിതമായ ഇടപെടൽമൂലം കൂടുതൽ അനിഷ്ടസംഭവങ്ങൾക്ക് ഇടനല്കാതെ പ്രശ്നം പരിഹരിക്കുകയായിരുന്നു.

പെരുന്ന എൻ.എസ്.എസ്. മെഡിക്കൽ മിഷൻ ഹോസ്പിറ്റലിലെ ഹൗസ് കീപ്പിംഗ് ജോലികൾ എറണാകുളത്തുള്ള വാൻഗാർഡ് എന്ന കമ്പനിക്ക് ഒരു വർഷത്തെ കരാറിന് നല്കിയിരുന്നു. കരാറിന്റെ കാലാവധി 9.3.2018-ൽ അവസാനിച്ച്, അവർ സ്വയം പിരിഞ്ഞ സാഹചര്യത്തിൽ തുടർന്ന് എറണാകുളത്തു തന്നെയുള്ള വൃദ്ധി എന്ന കമ്പനിക്ക് ഒരുവർഷത്തേക്ക് ടി ജോലികൾ നല്കിയിട്ടുള്ളതും ആയത് 10.3.2018 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. കാലാവധി അവസാനിച്ച് സ്വയം പിരിഞ്ഞ കമ്പനിക്കോ അവരുടെ ജോലിക്കാർക്കോ ഹോസ്പിറ്റലുമായി തുടർന്ന് യാതൊരു ബന്ധവുമില്ലാത്തതാണ്. എന്നാൽ വാൻഗാർഡ് കമ്പനിയുടെ കീഴിൽ ജോലിചെയ്തിരുന്ന സ്റ്റാഫംഗങ്ങൾ 10.3.2018 രാവിലെ ബി.എം.എസ്. എന്ന സംഘടനയുടെ നേതൃത്വത്തിൽ ഹോസ്പിറ്റലിൽ അതിക്രമിച്ചുകയറുകയും, ഡ്യൂട്ടിക്കെത്തിയ പുതിയ കമ്പനിയുടെ തൊഴിലാളികളെ ജോലിക്കു കയറുന്നതിൽനിന്നും തടയുകയും തുടർന്ന് ഹോസ്പിറ്റലിന്റെ പ്രവർത്തനം നാല് മണിക്കൂറോളം തടസ്സപ്പെടുത്തുകയുമാണ് ഉണ്ടായത്.

പോലീസിന്റെ നിയമാനുസൃതമായ ഇടപെടൽ ഉണ്ടായതുമൂലമാണ് അതിക്രമിച്ചുകയറിയ പഴയ ജീവനക്കാരെയും അവർക്കു നേതൃത്വം നല്കിയ ബി.എം.എസ്. പ്രവർത്തകരെയും ഹോസ്പിറ്റൽ കോമ്പൗണ്ടിൽനിന്നും നീക്കം ചെയ്യാനും ഹോസ്പിറ്റലിന്റെ പ്രവർത്തനം തുടരാനും സാധിച്ചത്. ഇക്കാര്യത്തിൽ എൻ.എസ്.എസ്. നേതൃത്വത്തിന്റെ ഭാഗത്തുനിന്നും തികഞ്ഞ സംയമനം പാലിച്ചതുകൊണ്ടാണ് അനിഷ്ടസംഭവങ്ങളൊന്നും ഉണ്ടാകാതെപോയത്.

നായർ സർവീസ് സൊസൈറ്റി ഇതിനെ ഒരു ഒറ്റപ്പെട്ട സംഭവമായി കാണുന്നില്ല. ഏതുവിധേനയും എൻ.എസ്.എസ്സിനെ രാഷ്ട്രീയമായി കീഴ്പ്പെടുത്താനുള്ള ഒരു വിഭാഗത്തിന്റെ ശ്രമങ്ങളുടെ ഒരുവശം മാത്രമായി ഇതിനെ കണ്ടാൽ മതി. കിട്ടുന്ന പഴുതുകളിലൂടെയും പഴുതുകൾ ഉണ്ടാക്കിയും അപകീർത്തിപ്പെടുത്തിയും എൻ.എസ്.എസ്സിനെ അലോസരപ്പെടുത്തുക എന്ന രാഷ്ട്രീയം ഇതിന്റെ പിന്നിലുണ്ട് എന്ന കാര്യം വ്യക്തമാണ്. ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല, കാലങ്ങളായി ഇക്കൂട്ടർ എൻ.എസ്.എസ്സിനോട് സ്വീകരിച്ചുവരുന്ന നയമാണ്. ഇത്തരം പ്രവർത്തനങ്ങൾ മറ്റു രാഷ്ട്രീയപ്പാർട്ടികളിൽനിന്ന് പല തവണ ഉണ്ടായപ്പോഴും യുക്തിയും ബുദ്ധിയും ഉപയോഗിച്ച് അവയെയൊക്കെ നേരിട്ട ചരിത്രമാണ് എൻ.എസ്.എസ്സിനുള്ളത്.

നമ്മുടെ രാജ്യത്തുള്ള രാഷ്ട്രീയപ്രസ്ഥാനങ്ങളൊക്കെ ഈ മണ്ണിൽ ചുവടുറപ്പിക്കുന്നതിന് എത്രയോ മുമ്പ് കർമ്മയോഗിയായ മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ച സംഘടനയാണ് നായർ സർവീസ് സൊസൈറ്റി. ഈ പ്രസ്ഥാനത്തിന് അതിന്റേതായ മൂല്യങ്ങളുണ്ട്. ജനാധിപത്യം, മതേതരത്വം, സാമൂഹികനീതി എന്നിവയിൽ അടിയുറച്ച് ഒരു നൂറ്റാണ്ടിലേറെക്കാലമായി പ്രവർത്തിച്ചുവരുന്ന സംഘടനയാണ് എൻ.എസ്.എസ്. ആ മൂല്യങ്ങളിൽനിന്ന് വ്യതിചലിപ്പിക്കാൻ ആരു ശ്രമിച്ചാലും അതിന് അനുവദിക്കില്ല.

എൻ.എസ്.എസ്സിന് രാഷ്ട്രീയമില്ല. എല്ലാ രാഷ്ട്രീയപ്പാർട്ടികളോടും സമദൂരനിലപാടാണ് സ്വീകരിച്ചുവരുന്നത്. രാഷ്ട്രീയപ്പാർട്ടികളുടെ എൻ.എസ്.എസ്സിനോടുള്ള സമീപനം അനുസരിച്ചായിരിക്കും തിരിച്ച് അവരോടുള്ള സമീപനവും. എൻ.എസ്.എസ്. ഒരു രാഷ്ട്രീയപ്പാർട്ടിയുടെയും ആഭ്യന്തരപ്രശ്നങ്ങളിൽ ഇടപെടാറില്ല, എൻ.എസ്.എസ്സിന്റെ ആഭ്യന്തരപ്രശ്നങ്ങളിൽ ഇടപെടാൻ ആരെയും അനുവദിക്കുകയുമില്ല.

ഇത്തരം ഉമ്മാക്കി കാണിച്ച് ഭയപ്പെടുത്തി തങ്ങളുടെ വരുതിക്ക് വരുത്താമെന്ന് ആരെങ്കിലുമോ അവരുടെ രാഷ്ട്രീയപ്രസ്ഥാനമോ കരുതുന്നുണ്ടെങ്കിൽ അവർക്ക് തെറ്റുപറ്റിയിരിക്കുന്നു.